# ‘ക്ഷമാശീലരാകുക’

## സദൃശ്യവാക്യങ്ങൾ 17:9

**“സ്നേഹം തേടുന്നവൻ ലംഘനം മറെച്ചുവെക്കുന്നു; കാര്യം പാട്ടാക്കുന്നവനോ മിത്രങ്ങളെ ഭേദിപ്പിക്കുന്നു..”**

ഈ ലോകത്തിൽ നാം ദൈവഹിതപ്രകാരമുള്ള ഒരു വിജയകരമായ ബന്ധം ആരിൽ നിന്നെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ വചനം നാം പാലിക്കാൻ ബാധ്യസ്ഥരാണ്. കാരണം, ഇവിടെ പറയുന്നു, സ്നേഹം ആഗ്രഹിക്കുന്നവൻ ലംഘനം മറെച്ചു വെക്കുന്നു എന്ന്. ഇവിടെ ലംഘനം മറെച്ചു വെക്കുക എന്നുദ്ദേശിച്ചിരിക്കുന്നത് നമ്മോട് എന്തെങ്കിലും അനിഷ്ടം പ്രവൃത്തിച്ചവരോട് ക്ഷമിക്കുന്നതിനെക്കുറിച്ചാണ്. അത് ഇനിയിപ്പോൾ എന്തു വലിയ കാര്യം തന്നെയായിക്കോട്ടെ അതു നാം ആ വ്യക്തിയോട് ക്ഷമിച്ച് അവനുമായുള്ള ഒരു ഊഷ്മള ബന്ധം നിലനിർത്താനാണ് വചനം നമ്മെ ആഹ്വാനം ചെയ്യുന്നത്. ക്രിസ്തുവിനെ പിന്തുടരുന്നവരായ നാം ക്രിസ്തുവിനോട് അനുരൂപരാകുന്നത് ഇപ്രകാരമാണ്. അതല്ലാതെ മറ്റൊരാളോടുള്ള ദേക്ഷ്യവും ഈർഷ്യയുമെല്ലാം മനസ്സിൽ വെച്ചുകൊണ്ട് നടന്നാൽ നമ്മുടെ സമാധാനവും അവരോടുള്ള സ്നേഹവും ഇല്ലതെയാകുന്നതിന് കാരണമായിത്തീരുക തന്നെ ചെയ്യും.

ഒരുവനോട് ക്ഷമിക്കുവാനുള്ള മനസ്സ് നമുക്കുണ്ടെങ്കിൽ അത് ചെയ്യുക വഴി നാം അവനെ നമ്മോട് കൂടുതൽ അടുപ്പിക്കുകയാണ്. മറിച്ച്, ക്ഷമിക്കുകയും പിന്നീട് അതിന്റെ മഹത്വം മറ്റുള്ളവരോട് പറഞ്ഞു നടക്കുകയും ചെയ്യുമ്പോൾ അത് വേറെ തലങ്ങളിലേക്ക് പോവുകയും അവിടെ സ്നേഹത്തിലുപരി മിത്രങ്ങൾ തമ്മിലുള്ള പിണക്കങ്ങളിലേക്ക് കടന്നു പോവുകയും ചെയ്യുന്നു. ഇതു തന്നെയാണ് സാത്താനും നമ്മിൽ നിന്നാഗ്രഹിക്കുന്നത്. നമ്മുടെ ഇടയിലുള്ള വളരെ അടുത്ത കുടുംബാംഗങ്ങൾ, മിത്രങ്ങൾ അങ്ങിനെ പലരും ഒരു നിമിഷം ക്ഷമിക്കുന്നതിനുള്ള മനസ്സില്ലാതെ പോകുന്നതുവഴി, വലിയ പിണക്കങ്ങളിലേക്ക് കടന്നു പോകുന്നതായി നാം നമ്മുടെ ചുറ്റും കണ്ടിരിക്കുന്നു. അവിടെയാണ് വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്, **“കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ, സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വെച്ചുകൊണ്ടിരിക്കരുതു. പിശാചിന്നു ഇടം കൊടുക്കരുതു.”** (എഫേസ്യർ 4:26–27).

നമ്മുടെ ജീവിതത്തിൽ ആരോടെങ്കിലും നാം ക്ഷമിക്കുമ്പോൾ, നമ്മോട് അവർ എവിടെയെങ്കിലും ക്ഷമിക്കും എന്നു ഒരിക്കലും വിചാരിക്കരുത്. നമ്മുടെ ക്ഷമ എന്നു പറയുന്നത്, ദൈവത്തെയും അവന്റെ വചനത്തെയും അനുസരിക്കുക വഴി ഉണ്ടാകേണ്ട ഒന്നാണ്. നാം അപ്രകാരം ചെയ്യുന്നതു വഴി ദൈവം നമുക്ക് അവന്റെ കൃപ ചൊരിയുകയും, അഴിയപ്പെട്ടു പോയ ബന്ധങ്ങളെ കൂട്ടി യോജിപ്പിക്കുന്നതിനുള്ള ബുദ്ധിയും വിവേകവും നൽകുകയും ചെയ്യുന്നു. അങ്ങിനെയെങ്കിൽ നമ്മുടെ ജീവിതത്തിൽ ആരോടെങ്കിലും പകയോ വിദ്വേഷമോ ഉണ്ടെങ്കിൽ അതെല്ലാം മറന്ന് അവരെ വീണ്ടും നമ്മോടുള്ള ബന്ധത്തിലേക്ക് കൊണ്ടു വരുന്നതിന്നും, അവരെ സ്നേഹിക്കുന്നതിന്നും ദൈവം ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം:**

**റോമർ 12:21**

**“തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.”**

**ബ്രദർ ബിനു ബേബി ആലപ്പുഴ 100**